**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **02-02-2023 - ൽ മറുപടിയ്ക്ക്**

**പ്രതിമാസ വൈദ്യുതി ബില്ലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾക്ക് സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനായി പ്രതിമാസ വൈദ്യുതി ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഓരോ വിഭാഗം ഉപഭോക്താക്കൾക്കും ബില്ലുകൾ തയ്യാറാക്കി നൽകി വരുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസൃതമായാണ്. പ്രതിമാസ ബില്ലിംഗ് നിലവിലുള്ള ചില വിഭാഗത്തിലുള്ള ഉപഭോക്താക്കൾ ഒഴിച്ച് മറ്റെല്ലാ ഉപഭോക്താക്കൾക്കും ദ്വൈമാസ മീറ്റർ റീഡിംഗിലൂടെ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതിനായി നിലവിൽ ജീവനക്കാർ രണ്ടു മാസത്തിലൊരിക്കൽ നേരിട്ട് വന്ന് ഉപഭോക്താവിന്റെ മീറ്റർ റീഡിംഗ് എടുത്ത് വൈദ്യുതി ബിൽ നൽകുന്ന രീതിയാണ് നിലവിൽ ഉള്ളത്. ഇപ്രകാരം ബിൽ തയ്യാറാക്കുമ്പോൾ അവരുടെ ദ്വൈമാസ മീറ്റർ റീഡിംഗുകളിൽ നിന്നും പ്രതിമാസ ഉപഭോഗം കണക്കാക്കുകയും, അതിന് പ്രതിമാസ ഉപഭോഗ പരിധിയുടെ നിരക്കനുസരിച്ച് ബിൽതുക കണക്കാക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ദ്വൈമാസ മീറ്റർ റീഡിംഗ് മൂലം ഉപഭോക്താക്കൾക്ക് അമിതമായ വൈദ്യുതിചാർജ്ജ് രേഖപ്പെടുത്തുന്നുവെന്ന ഒരു സാഹചര്യവും നിലവിലില്ല.<br><br>മാസം തോറും റീഡിംഗ് എടുക്കുന്നതിനും, ബില്ലുകൾ തയ്യാറാക്കുന്നതിനും, ക്യാഷ് കളക്ഷൻ നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടി വരുന്നതു മൂലം ഉണ്ടാകുന്ന അധിക ചെലവ് കെ.എസ്.ഇ.ബി.എൽ-ന്റെ പ്രവർത്തന ചെലവിനെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നതും, ഈ തുക ഉയർന്ന വൈദ്യുതി നിരക്കായി താരിഫിൽ പ്രതിഫലിക്കുകയും, ചെയ്യുന്ന സാഹചര്യമുണ്ടാകാൻ ഇടയുണ്ട്. ആയതിനാൽ മാസംതോറും ഉപഭോക്താക്കളുടെ റീഡിംഗ് എടുത്ത് പ്രതിമാസ ബിൽ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ